# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1445 — 30-9-2011-ൽ മറുപടിക്ക്

## സർക്കാർ പ്രസ്സുകളുടെ നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഹംസ: | ശ്രീ. കെ. പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സർക്കാർ പ്രസ്സുകളെ നവീകരിക്കുന്നതിനായി 1-6-2011 മുതൽ 31-8-2011 വരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; പ്രസ്തുത നടപടികൾ അപര്യാപ്തമായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദീകരിക്കുമോ ; | (എ) മണ്ണന്തല ഗവ.പ്രസ്സിൽ 4 കളർ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിച്ച് 20-9-2011-ൽ ഉദ്ഘാടനം ചെയ്തു. വാഴൂർ ഗവ.പ്രസ്സിൽ 4 കളർ വെബ് ഓഫ്സെറ്റ് മെഷീൻ സപ്ലൈ ചെയ്യുന്നതിനും ഷൊർണ്ണൂർ ഗവ.പ്രസ്സിലേക്ക് വാങ്ങിയ 4 കളർ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപടികൾ അപര്യാപ്തമായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ടെക്സ്റ്റ് ബുക്ക് പ്രിന്റിംഗ്, ലോട്ടറി പ്രിന്റിംഗ് മുതലായ പ്രവർത്തികൾ ഷൊർണ്ണൂരിലെ സർക്കാർ പ്രസ്സിൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ; | (ബി) ഷൊർണ്ണൂർ ഗവ.പ്രസ്സിൽ ടെക്സ്റ്റ് ബുക്ക് അച്ചടി നിലവിൽ നടത്തിവരുന്നു. ലോട്ടറി അച്ചടിക്കുന്നതിനുള്ള ആലോചന നിലവിലില്ല. |

| | | | |
|---|---|---|---|
| (സി) | മുൻ സർക്കാരിന്റെ കാലത്ത് ഷൊർണ്ണൂർ സർക്കാർ പ്രസ്സിനനുവദിച്ച വെബ് ഓഫ്സെറ്റ് മെഷീൻ നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത വെബ് ഓഫ്സെറ്റ് മെഷീൻ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) | ഷൊർണ്ണൂർ സർക്കാർ പ്രസ്സിനനുവദിച്ച വെബ് ഓഫ്സെറ്റ് മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഷൊർണ്ണൂർ സർക്കാർ പ്രസ്സിനനുവദിച്ച ഹെവിഡ്യൂട്ടി സ്റ്റിച്ചിംഗ് മെഷീൻ, ഫോൾഡിംഗ് മെഷീൻ എന്നിവ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) | ഉണ്ട്. 2011-12 സാമ്പത്തിക വർഷത്തെ മെഷീൻ പർച്ചേസിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ